**തെങ്ങുകൃഷി പുനഃക്രമീകരിക്കുന്നതിനുള്ള പദ്ധതി**

117 (7414) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാളികേര ഉല്പന്ന വൈവിദ്ധ്യവത്കരണ പദ്ധതികൾ എത്രത്തോളം ഊർജ്ജിതമായി നടപ്പാക്കിവരുന്നുണ്ട് ; ആവശ്യാധിഷ്ഠിത തത്വമനുസരിച്ച് തെങ്ങുകൃഷി പുനഃക്രമീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ ;

(ബി) നീര ഉല്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇളനീർ വിപണി എത്രത്തോളം സജീവവും ലാഭകരവുമാണ് ; കർഷകരെ അതിലേക്ക് ആകർഷിക്കുന്നതിന് കുള്ളൻ ഇനം തെങ്ങുകൃഷി വ്യാപിപ്പിക്കാനാവശ്യമായ വിത്തുതൈകൾ കൂടുതലായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാളികേരത്തിന്റെ മൂല്യവർദ്ധനവിനുള്ള പദ്ധതി എസ്.എഫ്.എ.സി. മുഖേന നടപ്പിലാക്കുന്നതിന് കൃഷി വകുപ്പിന്റെ 2012-13 വർഷത്തെ മൂല്യവർദ്ധന പദ്ധതി പ്രകാരം 200 ലക്ഷം രൂപ എസ്.എഫ്.എ.സി.ക്ക് നൽകിയിട്ടുണ്ട്. നാളികേരത്തിൽ നിന്നും വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡിന്റെ ടെക്നോളജി മിഷൻ പദ്ധതിയിലൂടെ നൽകുന്ന 25% സബ്സിഡിയ്ക്ക് പുറമേ ബോർഡ് ശുപാർശ ചെയ്യുന്ന യൂണിറ്റുകൾക്ക് എസ്.എഫ്.എ.സി. 25% സബ്സിഡി (പരമാവധി 25 ലക്ഷം രൂപ) നൽകി വരുന്നു. തെങ്ങുകൃഷി പുനഃക്രമീകരിക്കുന്നതിനായി കുറിയ ഇനം/സങ്കരയിനം തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

നാളികേര ഉല്പന്ന വൈവിദ്ധ്യവത്ക്കരണ പദ്ധതിയുടെ ഭാഗമായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കേര ഡെസിക്കേറ്റഡ് കോക്കനട്ട്, കേര കോക്കനട്ട് മിൽക്ക് പൗഡർ മുതലായവയുടെ വിപണനം നല്ല രീതിയിൽ നടന്നുവരുന്നു.

(ബി) നീര ഉല്പാദനവും വിപണനവുമായി ബന്ധപ്പെട്ട് കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് നാളികേര-നീര ബോർഡ് രൂപീകരിച്ച് ഉത്തരവാകുകയും പ്രസ്തുത ബോർഡിന്റെ ആക്ഷൻ പ്ലാൻ രൂപീകരിച്ചുവരികയുമാണ്. ആക്ഷൻ പ്ലാൻ രൂപീകരിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇളനീർ വിപണനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേരള കാർഷിക സർവ്വകലാശാലയും നാളികേര വികസന ബോർഡും നടത്തിവരുന്നുണ്ട്. കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി വ്യാപിപ്പിക്കുന്നതിനായി കേര സമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് 10 ലക്ഷം കുറിയ/സങ്കരയിനം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**കേരകൃഷി പ്രോത്സാഹനം**

**118 (7415)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികവിള നൽകുന്നതും കർഷകർക്ക് സ്വയം വിളവെടുപ്പ് സാധ്യമാകുന്നതുമായ ചെറിയ ഇനം തെങ്ങിൻ തൈകൾ വ്യാപിപ്പിക്കുന്നതിന് കൃഷി ഓഫീസുകൾ മുഖേന കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ;

(ബി) സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളിലും ഇത്തരം തെങ്ങിനങ്ങളുടെ വ്യാപനത്തിന് പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ&ബി) ചെറിയയിനം തെങ്ങിൻ തൈകൾ വ്യാപിപ്പിക്കുന്നതിന് കൃഷി വകുപ്പ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി കേര സമൃദ്ധി എന്ന പദ്ധതിയിലൂടെ കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽപ്പെട്ടതുമായ തെങ്ങുകളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതാണ്. ഈ പദ്ധതി പ്രകാരം 2016 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്ത് അധികമായി 10 ലക്ഷം കുറിയ ഇനം സങ്കര തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**നെല്ലിന് താങ്ങുവില**

**119 (7416)** ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിന്റെ ഉല്പാദനച്ചെലവെങ്കിലും താങ്ങുവിലയായി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ ;

(ബി) കാലാവസ്ഥാവ്യതിയാനവും സംഭരിച്ച നെല്ലിന് യഥാസമയം വില ലഭിക്കാതെയും ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly